പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 167

27.6.2011 ൽ
മറുപടിയ്ക്ക്

## പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ: | | ശ്രീ. റ്റി.എം. ജേക്കബ് (ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | നെന്മാറ നിയോജകമണ്ഡലത്തിൽ പുതിയതായി മാവേലി സ്റ്റോറുകൾ തുടങ്ങുവാനുദ്ദേശിക്കുന്നുണ്ടോ ; | എ) | നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്കാണ് ഇപ്പോൾ മുൻഗണന നൽകി വരുന്നത്. ജീവനക്കാരുടെ ലഭ്യതയനുസരിച്ച് ഇതിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | എവിടെയെല്ലാമാണ് മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടികളായിട്ടുള്ളത് ; | ബി) | പല്ലശ്ശന, എലവഞ്ചേരി, കൊടുവായൂർ, മുതലമട പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള ശുപാർശകൾ ലഭിച്ചിട്ടുണ്ട്. |
| സി) | മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | സി) | ജീവനക്കാരുടെ ലഭ്യതയ്ക്ക് വിധേയമായി ഇക്കാര്യം പരിഗണിക്കുന്നുണ്ട്. |
| ഡി) | മാവേലി സ്റ്റോർ അനുവദിക്കുന്നതിലേക്കായി കൈക്കൊള്ളേണ്ട നടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സപ്ലൈകോയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ 500 സ്ക്വയർ ഫീറ്റിൽ കുറയാത്ത വാടകരഹിത കെട്ടിടം, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളോ, ടി ഉപകരണങ്ങൾ വാങ്ങാൻ 40,000 രൂപയോ എന്നിവ നൽകാൻ തയ്യാറാകുന്ന മുറയ്ക്ക് സാദ്ധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹികപരമായും വാണിജ്യപരമായും ഗുണകരമാണെന്ന് കാണുന്ന കേസുകളിലാണ് മാവേലി സ്റ്റോർ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ